**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസെസ്സ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ ഇനി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ സതേൺ റിംഗ് ആയ വിഴിഞ്ഞം-തേക്കട ഭാഗത്തിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസെസ്സ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതി 15.03.2023 ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോർത്തേൺ റിംഗ് ആയ തേക്കട-നാവായിക്കുളം ഭാഗത്തിന്റെ പാരിസ്ഥിതിക അനുമതിക്ക് ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട്-II (CRDP II) മുഖേന അപേക്ഷ സമർപ്പിച്ചു എങ്കിലും ഔട്ടർ റിംഗ് റോഡ് ഒരു ദേശീയപാതയായി ( എൻ.എച്ച് 866) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ പാരിസ്ഥിതിക അനുമതി നൽകുന്നത് സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസെസ്സ്മെന്റ് അതോറിറ്റിയുടെ അധികാര പരിധിക്ക് പുറത്തുള്ള വിഷയമാണ് എന്നും ഈ വിഷയത്തിൽ കേന്ദ്രസർക്കാരിനെ സമീപിക്കണം എന്നും അതോറിറ്റി മറുപടി നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ പാരിസ്ഥിതിക അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ആദ്യഘട്ടത്തിന് മേൽപ്പറഞ്ഞ അതോറിറ്റിയിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകേണ്ടത് കേന്ദ്രപരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ആണോ; ആണെങ്കിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടെ പുതിയതായി അനുമതി തേടേണ്ട സാഹചര്യം നിലവിലുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിക്കായി സ്ഥലം വിട്ടുകൊടുത്ത പ്രദേശവാസികൾ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഔട്ടർ റോഡ് അലൈൻമെന്റ് NHAI അംഗീകാരം നൽകിയശേഷം സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തം സംബന്ധിച്ച് മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നു. ഔട്ടർ റിംഗ് റോഡിന്റെ സ്ഥലമേറ്റെടുപ്പിന്റെ 50%, സർവീസ് റോഡിൻറെ പൂർണ്ണ നിർമ്മാണ ചിലവ് എന്നിവ സംസ്ഥാന വഹിക്കാം എന്നാണ് തീരുമാനിച്ചത്. അതോടൊപ്പം നിർമ്മാണ വസ്തുക്കളുടെ ജി എസ് ടി റോയൽറ്റി എന്നിവ വേണ്ടെന്നു വയ്ക്കാനും തീരുമാനിച്ചു. ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 1629.24 കോടി രൂപയുടെ ബാധ്യത ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി തലത്തിലും, ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. 2024 ഡിസംബറിലും, 2025 ജൂൺ മാസത്തിലും, 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.<br><br>സംസ്ഥാനത്ത് ദേശീയപാത 66 ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിദഗ്ധ ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും അപകടസാധ്യതയുള്ള ഉയർന്ന കട്ടിംഗ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോ എന്ന് പരിശോധിക്കാൻ M/s Frontier Geo Services Pvt. Ltd. നെ ചുമതലപ്പെടുത്തിയിരുന്നു. പരിശോധനാ റിപ്പോർട്ട് നിലവിൽ അതോറിറ്റിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതി അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണയിൽ ആണ് എന്നും, മുൻഗണന ക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണ് എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ